# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ജീവനകാര്യം - കോളേജ് വിദ്യാഭ്യാസ വകുപ്പ് അസ്ഥാന കാര്യാലയം - ശ്രീമതി.നിഷ.ടി.കെ, യു.ഡി.ടൈപ്പിസ്റ്റ് - വിശാല കൊച്ചി വികസന അതോറിറ്റിയിൽ നിന്നും ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്ത് ഉത്തരവായ ശ്രീമതി.നിഷ.ടി.കെ- യെ തിരികെ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നം.സി 4/19407/2017/കോവി.വ തീയതി 01/06/2017

---

പരാമർശം:-
1. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 31/05/2017 - ലെ നമ്പർ 2969/എസ്റ്റ2/13/ജി.സി.ഡി.എ)
2. സർക്കാരിൽ നിന്നുള്ള 15/05/2017 - ലെ ജി.ഒ(ആർ.ടി) നമ്പർ 1569/17/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
3. സർക്കാരിൽ നിന്നുള്ള 14/12/2016 - ലെ ജി.ഒ (ആർ.ടി) നമ്പർ 3405/16/ എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
4. ശ്രീമതി.നിഷ.ടി.കെ. യു.ഡി.ടൈപ്പിസ്റ്റിന്റെ 01/06/2017 - ലെ അപേക്ഷ.

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യായലത്തിൽ ടൈപ്പിസ്റ്റായിരുന്നതും നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിശാല കൊച്ചി വികസന അതോറിറ്റിയിൽ ജോലി ചെയ്തു വന്നിരുന്നതുമായ ശ്രീമതി.നിഷ.ടി.കെ, യു.ഡി.ടൈപ്പിസ്റ്റിനെ പരാമർശം (3) പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് 08/08/2016 മുതൽ ഒരു വർഷംകൂടി ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നെങ്കിലും പരാമരശം 1,2 പ്രകാരമുള്ള ഉത്തരവുകളനുസരിച്ച് 31/05/2017 എ.എൻ. പ്രാബല്യത്തിൽ ശ്രീമതി.നിഷ.ടി.കെ - യെ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിന് വിടുതൽ ചെയ്തുകൊണ്ട് ഉത്തരവായി. മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി.നിഷ.ടി.കെ പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം ശ്രീമതി.നിഷ.ടി.കെ, യു.ഡി.ടൈപ്പിസ്റ്റിന്റെ അപേക്ഷ പരിഗണിച്ച് ടിയാളെ 01/06/2017 - ന് രാവിലെ മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുകയും എറണാകുളം ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ യു.ഡി.ടൈപ്പിസ്റ്റായി നിയമിക്കുകയും ചെയ്ത് ഉത്തരവാകുന്നു. കൂടാതെ എറണാകുളം ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായ

ശ്രീമതി.ലീല.എൻ - നെ 'ടി' യാളുടെ അപേക്ഷ പരിഗണിച്ച് എറണാകുളം ഗവൺമെന്റ് ലോ കോളേജിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു. മേൽ ജീവനക്കാർ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ജോലിക്ക് ഹാജരാകുന്നതും വിടുതൽ ചെയ്യുന്നതുമായ വിവരങ്ങൾ ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

Web site. www. Collegiateedu . Kerala. gov. in

ഒപ്പ്/-
റ്റി.വി.കൃഷ്ണകുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1) ശ്രീമതി.ലീല.എൻ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്
2) ശ്രീമതി.നിഷ.ടി.കെ, യു.ഡി.ടൈപ്പിസ്റ്റ്
3) പ്രിൻസിപ്പാൾ, ഗവൺമെന്റ് ലോ കോളേജ്
4) ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
5) സീ3 സെക്ഷനിലേക്ക്
6) സെക്രട്ടറി, വിശാലകൊച്ചി വികസന അതോറിറ്റി
7) കരുതൽ ഫയൽ/ നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

MR

എസ്.ഒ 01/06/2017